**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3537** **14-07-2022 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ പരിചരിക്കുന്നവർക്കുള്ള സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പൂർണമായും കിടപ്പിലായ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ പരിചരിക്കുന്നവർക്ക് ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ നൽകുന്നുണ്ടോ; | (എ) | പൂർണ്ണമായും കിടപ്പിലായ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ പരിചരിക്കുന്നവർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ആശ്വാസകിരണം. ഈ പദ്ധതി പ്രകാരം, തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും, 100% അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ വയനാട് ജില്ലയിൽ ഇത്തരത്തിൽ എത്ര പേർക്ക് സഹായം ലഭിക്കുന്നുണ്ടെന്ന വിവരം പഞ്ചായത്ത്/നഗരസഭ തിരിച്ച് ലഭ്യമാക്കാമോ; | (ബി) | വയനാട് ജില്ലയിൽ ആശ്വാസകിരണം പദ്ധതി മുഖേന നിലവിൽ 1659 പേർക്ക് ധനസഹായം നൽകി വരുന്നു. ടി ഗുണഭോക്താക്കളിൽ 1414 പേർ പഞ്ചായത്ത് തലത്തിലും 245 പേർ നഗരസഭാതലത്തിലും പെട്ടവരാണ്. |
| (സി) | ജില്ലയിൽ മുൻപ് ഇത്തരം സഹായങ്ങൾ ലഭിച്ചുകൊണ്ടിരുന്നവർക്ക് പിന്നീട് സഹായം മുടങ്ങിപ്പോയ സംഭവങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | ആശ്വാസ കിരണം പദ്ധതി മുഖേന നിലവിലുള്ള ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസംവരെയുള്ള ധനസഹായം 2022 മാർച്ച് മാസത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ അപേക്ഷകരുടെ എണ്ണം വർഷം തോറും വർദ്ധിക്കുന്നത് മൂലം ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. ആയതിനാൽ അധിക തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ